**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1266** **03-02-2026-ൽ മറുപടിയ്ക്ക്**

**<u>ദേശീയപാത 85-ലെ നേര്യമംഗലം-വാളറ പ്രദേശത്തെ സംരക്ഷിത വനമേഖല</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അൻവർ സാദത്ത്

ശ്രീ. അൻവർ സാദത്ത്

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** ദേശീയ പാത 85- ലെ നേര്യമംഗലം-വാളറ പ്രദേശം സംരക്ഷിത വനമാണോ എന്ന വിഷയത്തിൽ സർക്കാർ പരസ്പരവിരുദ്ധമായ സത്യവാങ്മൂലങ്ങൾ ഹൈക്കോടതിയിൽ നൽകിയതിനെ തുടർന്ന് കോടതി താക്കീത് ചെയ്യുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ദേശീയ പാത 85-ൽ ഉൾപ്പെടുന്ന നേര്യമംഗലം മുതൽ വാളറ വരെയുള്ള റോഡ് വികസനവുമായി ബന്ധപ്പെട്ട കേസിൽ 11.0.7.2025-ൽ ബഹു. കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന് എതിരെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ സമർപ്പിച്ച റിവ്യൂ ഹർജി പരിഗണിക്കവെ ടി റിവ്യൂ ഹർജിയിൽ ചീഫ് സെക്രട്ടറി സമർപ്പിച്ച സത്യവാങ്മൂലത്തിൽ മുൻപ് സമർപ്പിച്ചിരുന്ന വിവരങ്ങളിൽ നിന്നും വ്യത്യസ്തമായ നിലപാടാണ് സ്വീകരിച്ചതെന്ന് കോടതി ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്.

ഭൂമിയുടെ സ്റ്റാറ്റസ് സംബന്ധിച്ച തീരുമാനമെടുക്കുവാനും, ദേശീയപാത വികസനത്തിന് ആവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനും ചീഫ് സെക്രട്ടറിക്ക് കേരള ഹൈക്കോടതി നൽകിയിട്ടുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആയത് സുഗമമാക്കുന്നതിനും, സംയുക്ത പരിശോധനയിലൂടെ പരിഹരിക്കുന്നതിനുമായി ഒരു ഉന്നതതല സമിതി രൂപീകരിച്ച് റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കമില്ലാത്ത ഭാഗങ്ങളിൽ പ്രവൃത്തി പുനരാരംഭിക്കാൻ ദേശീയപാത അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(ബി)** ഇപ്രകാരം പരസ്പരവിരുദ്ധമായ സത്യവാങ്മൂലങ്ങൾ നൽകിയത് ഏത് സാഹചര്യത്തിലാണെന്നറിയിക്കാമോ; ഭൂമിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വസ്തുത വ്യക്തമാക്കുമോ?

**<u>മറുപടി:</u>** എ പിരിവിന്റെ അതേ മറുപടി

**സെക്ഷൻ ഓഫീസർ**